## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2425 — 19/06/2013-ൽ മറുപടിയ്ക്ക്

### റാന്നി താലൂക്കിലെ ചെറുകിട വൈദ്യുതി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ അള്ളുങ്കൽ, കാരിക്കയം എന്നീ ചെറുകിട വൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നതിന് ജലസേചന വകുപ്പിന്റെ അംഗീകാരം നേടിയിരുന്നോ; വ്യക്തമാക്കുമോ; | എ) | പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ കാരിക്കയം ചെറുകിട വൈദ്യുതി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ഐ&എ) 'എൻ.ഒ.സി' നൽകിയിട്ടുണ്ട്. എന്നാൽ അള്ളുങ്കൽ പദ്ധതിയ്ക്ക് 'എൻ.ഒ.സി' നൽകിയിട്ടില്ല |
| ബി) | ഗവ: ഉത്തരവ് (എം.എസ്) നമ്പർ. 122/05/വ്യവസായം, 19.09.05 പ്രകാരം ഈ രണ്ട് ചെറുകിട വൈദ്യുതി പദ്ധതികൾ ഇൻഡിപെന്റന്റ് പവർ പ്രോജക്റ്റ് ആയി മാറ്റി ഉത്തരവ് ഇറക്കുന്നതിന് മുമ്പ് ജലവിഭവ വകുപ്പിന്റെ അനുമതി വാങ്ങിയിരുന്നോ; അനുമതി നൽകിയില്ല എങ്കിൽ ജലവിഭവ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു; | ബി) | കെ.എസ്.ഇ.ബി. അംഗീകരിച്ച് അനുമതി ആവശ്യപ്പെടാത്തതിനാൽ നടപടികളൊന്നും എടുത്തിട്ടില്ല. |
| സി) | ഈ ചെറുകിട വൈദ്യുതി പദ്ധതികളുടെ കൈമാറ്റത്തിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിരുന്നോ? | സി) | ഇല്ല |

സെക്ഷൻ ഓഫീസർ